


ST.GEORGES HIGH SCHOOL EDAPPALLY

*Our Heavenly Patron*



# SAINT GEORGE




BENNY P J

**HEAD MASTER**

# CONTENT

1.ചരിത്രവഴിയിലൂടെ
2.ആഗ്രഹത്തിലേക്ക്
3.എന്റെ മലയാളം
4.അമ്മ
5..വിദ്യാലയം
6.അറിവ്
7.Art Gallery.
8.നുറുങ്ങ് ചിന്തകൾ

# ചരിത്രവഴിയിലൂടെ

ഇടപ്പള്ളി പ്രദേശത്തുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ജാതിമത ഭേദമെന്യേ വിദ്യ പകർന്നുകൊടുക്കാനായി 1948 ൽ ഇടപ്പള്ളി പള്ളിയുടെ കീഴിൽ സ്ഥാപിതമായ വിദ്യാലയമാണ് സെന്റ് ജോർജ്ജ് യു.പി. സ്കൂൾ. 1966 ലാണ് ഈ വിദ്യാലയം ഹൈസ്ക്കൂൾ ആയി ഉയർന്നത്. പരിപാവനമായ ഈ വിദ്യാലയം കൊച്ചി നഗരത്തിൽ ഹൈവേയോട് ചേർന്ന് സ്ഥിതിചെയ്യുന്നു. പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവ് തെളിയിച്ച് എന്നും മുൻപന്തിയിലായിരുന്നു സെന്റ് ജോർജ്ജ് ഹൈസ്കൂൾ. ഓരോ സ്റ്റാൻഡേർഡിലും 10 ഡിവിഷനുകൾ വീതം ഉണ്ടായിരുന്ന ഈ സ്കൂൾ എസ് എസ് എൽ സി പരീക്ഷകളിൽ ഉയർന്ന വിജയശതമാനം കരസ്ഥമാക്കിയിരുന്നു.

കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ സ്കൂളിന്റെ സുഗമമായ നടത്തിപ്പിനായി ഈ വിദ്യാലയം ആൺകുട്ടികളുടെ മാത്രം ആക്കുകയും ഇവിടെ പഠിച്ചിരുന്ന പെൺകുട്ടികൾക്കായി ഇതിന്റെ സഹോദരസ്ഥാപനമായി 1969 ൽ പയസ് ഗേൾസ് ഹൈസ്കൂൾ സ്ഥാപിതമാവുകയും ചെയ്തു.


1948 ൽ ബഹുമാനപ്പെട്ട മാനേജർ വെരി റവ. ഫാ. ജോസഫ് പഞ്ഞിക്കാരന്റെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്റർ ശ്രീ. കെ എം ചാക്കോയുടെ നേതൃത്വത്തിലും വളർന്നുവന്ന സെന്റ് ജോർജ്ജ് ഹൈസ്കൂൾ ഇന്ന് ബഹുമാനപ്പെട്ട മാനേജർ വെരി റവ. ഫാദർ ആന്റണി മഠത്തുംപടിയുടെയും ഹെഡ്മാസ്റ്റർ ശ്രീ. ബെന്നി പി ജെ യുടെയും നേതൃത്വത്തിൽ അവിടുത്തെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സഹകരണത്തോടെ വിജയത്തിളക്കവുമായി മുന്നേറിക്കൊണ്ടിരിക്കുന്നു.

പാഠ്യവിഷയങ്ങളോടൊപ്പം കലാകായികസാഹിത്യരംഗങ്ങളിലും മികവ് പുലർത്തുന്ന ഈ വിദ്യാലയം ക്രിക്കറ്റ് മത്സരത്തിൽ കായിക സ്കൂളുകളെപ്പോലും പിന്തള്ളികൊണ്ട് സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുന്നു. ഇവിടെ ക്രിക്കറ്റിനോടൊപ്പം ഫുട്ബോൾ, വോളിബോൾ എന്നിവയ്ക്കും പ്രത്യേക പരിശീലനം നൽകിവരുന്നു. ചെണ്ടമേളത്തിന് ഈ വിദ്യലയത്തിൽ മികച്ച ടീം തന്നെയുണ്ട്. കുട്ടികളിൽ സാമൂഹ്യപ്രതിബദ്ധത വളർത്താൻ സഹായകമായി എൻ സി സി, റെഡ്ക്രോസ്സ് തുടങ്ങിയ സംഘടനകൾ പ്രവർത്തിക്കുന്നു.

“വിശ്വാസം, പഠനം, സേവനം” എന്ന മുദ്രാവാക്യവുമായി പ്രവർത്തിച്ചുവരുന്ന കെ സി എസ് എൽ കുട്ടികളിൽ ധാർമ്മികബോധവും ആദ്ധ്യാത്മിക ചിന്തയും ഉണർത്തുവാൻ സഹായകമാവുന്നു. സ്കൂളിൽ വിഷയാധിഷ്ഠിതമായി പ്രവർത്തിക്കുന്ന ക്ലബ്ബുകൾ മത്സരങ്ങളും പ്രദർശനങ്ങളും സംഘടിപ്പിച്ച് വിദ്യാർത്ഥികളെ കർമ്മനിരതരാക്കുന്നു. എടുത്തുപറയേണ്ട മറ്റൊരു പ്രവർത്തനമാണ് നന്മ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന സന്നദ്ധസേവന പ്രവർത്തനങ്ങൾ.

# ആഗ്രഹത്തിലേക്ക്

ഒരു പട്ടണത്തിൽ ഒരു കുട്ടി ഉണ്ടായിരുന്നു അവന്റെ പേര് നാരായണൻ. അവന് ഏറെ ഇഷ്ട്ടം ടെക്കി വീഡിയോകൾ യൂട്യൂബിൽ കണ്ട് അതിനെ കുറച്ച് പഠിക്കാനാണ്. പക്ഷെ അവന്റെ അച്ഛനും അമ്മയും അവൻ ഇങ്ങനെ ടെക്കി വീഡിയോ കാണുന്നത് കാണുമ്പോൾ അവനെ വഴക്ക് പറയും എങ്കിലും പിറ്റേ ദിവസം അവൻ ഇത് തന്നെ ആവർത്തിക്കും. വർഷങ്ങൾക്ക് ശേഷം അവൻ ഒരു സ്മാർട്ട് ഫോൺ വാങ്ങണം എന്നൊരു ആഗ്രഹം അവനുണ്ടായി അതിനായി അവന് കുറച്ചു പണം വേണമായിരുന്നു. അതിനായി അവൻ പല വഴികളും ശ്രമിച്ചു പക്ഷേ അവൻ ഒന്നിലും വിജയിക്കാനായില്ല. അവസാനം അവൻ ഇന്റർനെറ്റിൽ നിന്നും കോഡിങ് പഠിച്ചു. ശേഷം അവൻ കോഡിങ് ചെയ്തു പൈസ ഉണ്ടാക്കി അവൻ സ്വന്തമായൊരു സ്മാർട്ട് ഫോൺ വാങ്ങി. അതിൽ അവൻ വല്ലാതെ സന്തോഷിച്ചു. പിന്നീടും അവൻ കോഡിങ് ചെയ്തു ഒരു ലാപ്ടോപ് വാങ്ങി.



മുഹമ്മദ് സിൻസാർ പി എ

# എന്റെ മലയാളം

മലയുണ്ട്, മഴയുണ്ട് മാമലനാട്ടില്
കുളിരുകോരുന്ന പുഴയുമുണ്ട്.

മയിലുണ്ട് മാനുണ്ട് മാമരാക്കൂട്ടത്തിൽ
കളകളം പാടുന്ന കിളികളുണ്ട്.

നീർമണി മുത്തുകൾ വാരിവിതറിക്കൊണ്ടൊഴുകി
നടക്കുന്നോ രരുവികളും.


പഞ്ചവർണ്ണകിളിതഞ്ചത്തിൽ
പാടികൊണ്ടാടിയിരിക്കുന്ന വള്ളികളും.

പൊന്നിൻകതിർക്കുല ചാഞ്ചാടിയാടി,
നീളെ കിടക്കുന്ന വയലുകളും.

നീലക്കുളങ്ങളും കേരവൃക്ഷങ്ങളും
തിങ്ങിനിറഞ്ഞതാണെന്റെ നാട്.

കേളിക്കൊട്ടുയരുന്ന കേരളമക്കൾക്ക്
സാക്ഷരതയേകിയതാണീകേരളം.

-അരവിന്ദ് കൃഷ്ണ കെ എസ്



# അമ്മ

ഞാൻ ആരെന്നറിയാതെ
എങ്ങനെന്നറിയാതെ
പ്രാണനായി കണ്ടതെന്നമ്മ
മിഴിയും തുറക്കാതെ
കാലിട്ടടിച്ചപ്പോൾ
കവിളിലായി ഉമ്മ വച്ചതെന്നമ്മ
മുട്ടിൽ നടന്നപ്പോൾ
കാലുറക്കാതെ വീണപ്പോൾ
തലോടലായി മാരിയെന്നമ്മ
ആദ്യ പാഠം പഠിച്ചപ്പോൾ ചിത്രം വരച്ചപ്പോൾ
വാരി പുണർതെന്നമ്മ
താരാട്ട് പാടിയും കൂടെ കളിച്ചും
എന്നെ അറിഞ്ഞതും അമ്മ

# വി
# ദ്യാ
# ല
# യം

പിന്നിട്ട വർഷങ്ങൾ എല്ലാം മധുരം

അതിലേറെ മധുരം കഴിഞ്ഞ വർഷം

കളിയായി ചിരിയായി പിന്നിട്ട

നേരങ്ങൾ

മധുരം തരുന്ന സ്വപ്നങ്ങളായ്

വിദ്യ പകർന്നൊരു വിദ്യാലയം

എൻ്റെ വിദ്യാലയം എൻ്റെ ലോകം

അണിയണിയായി ഞങ്ങൾ

നവസുമങ്ങൾ

എൻ കൊച്ചു ക്രുട്ടുകാർ മേളിക്കും

അമ്മതൻ മുന്നിലൊരു അങ്കണത്തിൽ

-കെവിൻ ജോർജ്

# അറിവ്

പണ്ട് പണ്ട് ഒരു രാജാവ് ഉണ്ടായിരുന്നു . അദ്ദേഹത്തിന് മൂന്ന് പുത്രന്മാർ ഉണ്ടായിരുന്നു.മൂന്നുപേരും ഭയങ്കര മടിയന്മാർ ആയിരുന്നു.രാജാവ് എത്ര ശ്രമിച്ചിട്ടും ഒരു വാക്ക് പഠിക്കാൻ കൂട്ടാക്കിയില്ല .ഒടുവിൽ വിഷ്ണയുശർമ എന്ന പണ്ഡിതൻ എത്തി.അദ്ദേഹം രാജകുമാരന്മാരോട് കഥകൾ പറഞ്ഞു കൊടുത്തു.കുമർന്മാർക്ക് പണ്ഡിതനെ ഇഷ്ടമായി.അറിവുകളെലാം കഥയിലൂടെയാണ് പറഞ്ഞുകൊടുത്തു കൊണ്ടിരുന്നത്.കഥകൾ കേട്ട് അവർ മിടുക്കന്മാർ ആയി വളർന്നു

-ജോഹാൻ ജോസലാൽ








# ART GALLERY


Diljith Dileep (V B)


Diljith Dileep (V B)


Ananth Krishna K B (VIII B)


Shahid Akhar (VIII A)


Ananth Krishna K B (VIII B)


Sharafudheen K M (X D)


Naveen A (VII A)


Nadhan K Salin (IX A)



Faheem Ashik (X D)



Naveen A (VII A)


Jegan S (VIII A)


Akhil Francis (VII A)

# നുറുങ്ങ് ചിന്തകൾ

നമുക്കെല്ലാവർക്കും തോൽക്കാൻ
പേടിയാണ്.നമുക്കുണ്ടാകുന്ന വിഷമത്തെക്കാൾ ഏറെ
മറ്റുള്ളവരെ ഫേസ് ചെയ്യുന്നതെങ്ങനെ എന്നതാണ് വലിയ
പ്രശ്നം .പക്ഷേ ഈ പരാജയങ്ങളാണ് നമ്മുടെ
വിജയത്തിലേക്കുള്ള ചവിട്ട് പടി.ഒരു കുഞ്ഞ് മുട്ടിലിഴഞ്ഞ്
നടക്കാൻ തുടങ്ങുമ്പോൾ നിവർന്ന് നിൽക്കുന്നതിനേക്കാൾ
കൂടുതൽ വീഴ്ചകളാണ് അവനെ കാത്തിരിക്കുന്നത് .കുറെ
കരഞ്ഞാലും.പൂർവ്വാധികം ഉത്സാഹത്തോടെ അവൻ വീണ്ടും
ശ്രമം തുടരും.എന്നാൽ നമ്മൾ വീഴ്ചകളെ പഴിചാരി
മുന്നോട്ടുള്ള യാത്രയ്ക്ക് സ്വയം വിലങ്ങ് തടിയാകുന്നു



"Those who dare to fail miserably can achieve greatly".John .F.Kennedy യുടെ വാക്കുകൾ ആണിത്.

-Christy Antony George